ഭരണഭാഷ – മാതൃഭാഷ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: ew.pdlsgd@kerala.gov.in

നമ്പർ:LSGD/PD/18674/2023-CD3 തീയതി: 04-04-2025

# സർക്കുലർ

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ്-എഞ്ചിനീയർമാർക്കായി, ചീഫ് ടൌൺ പ്ലാനറുടെ (വിജിലൻസ്) ആഭിമുഖ്യത്തിൽ റീജിയൺ തലത്തിൽ വർക്ക് ഷോപ്പ് ക്രമീകരിക്കുന്നത് - സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനീയർമാർക്കായി ചീഫ് ടൌൺ പ്ലാനറുടെ (വിജിലൻസ്) ആഭിമുഖ്യത്തിൽ 23/04/2025, 02/05/2025, 08/05/2025 എന്നീ തീയതികളിലായി റീജിയൺ തലത്തിൽ വർക്ക് ഷോപ്പ് ക്രമീകരിക്കുന്നതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ്. വികസന നിയന്ത്രണങ്ങളും, ആസൂത്രണ മാനദണ്ഡങ്ങളും കർശനമായി പാലിക്കപ്പെടുന്നതിന് ഊന്നൽ നൽകി ചുവടെ പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയാണ് പ്രസ്തുത വർക്ക് ഷോപ്പ് ക്രമീകരിക്കപ്പെടുന്നത്.

*Overview of common violations identified by the LSGD Vigilance Wing
*Findings from the recent report on regulatory breaches
*Critical points to be vigilant regarding scrutiny of building permit files and while drafting file notes
*Measures to enhance transparency and accountability in the approval process.

കൊല്ലം, എറണാകുളം, കോഴിക്കോട് എന്നിങ്ങനെ മൂന്ന് റീജിയണുകളിലായിട്ടാണ് വർക്ക് ഷോപ്പുകൾ ക്രമീകരിക്കപ്പെടുന്നത്. ഓരോ റീജിയണുകളിലും ഉൾപ്പെടുന്ന ജില്ലകളും, നിശ്ചയിക്കപ്പെട്ട തീയതികളും ഇതോടൊപ്പം ചുവടെ ചേർക്കുന്നു.

| റീജിയൺ | ഉൾപ്പെടുന്ന ജില്ലകൾ | നിശ്ചയിക്കപ്പെട്ടിട്ടുള്ള തീയതി |
|---|---|---|
| കൊല്ലം | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ | 23/04/2025 |
| കോഴിക്കോട് | കാസർഗോഡ് , കോഴിക്കോട്, കണ്ണൂർ , വയനാട്, മലപ്പുറം | 02/05/2025 |
| എറണാകുളം | പാലക്കാട്, എറണാകുളം, തൃശ്ശൂർ, കോട്ടയം, ഇടുക്കി | 08/05/2025 |

എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും അസിസ്റ്റന്റ് എൻജിനീയർമാരും, എല്ലാ മുനിസിപ്പാലിറ്റികളിലെയും മുനിസിപ്പൽ എൻജിനീയർമാരും, എല്ലാ കോർപ്പറേഷനുകളിലെയും അസിസ്റ്റന്റ് എൻജിനീയർമാരും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാരും നിർബന്ധമായും ഈ

വർക്ക് ഷോപ്പിൽ പങ്കെടുക്കേണ്ടതാണ്. വർക്ക്ഷോപ്പ് ക്രമീകരിക്കപ്പെടുന്ന കേന്ദ്രം, സമയക്രമം എന്നിവ സംബന്ധിച്ച് ഉടൻ തന്നെ അറിയിപ്പ് നൽകുന്നതാണ്.

വിശ്വസ്തതയോടെ,

Sandeep K G

CHIEF ENGINEER

പകർപ്പ് :

1. Empowerment Section
2. എല്ലാ എഞ്ചിനീയർമാർക്കും, ചീഫ് എൻജിനീയറുടെ വെബ്സൈറ്റ് മുഖേന

Signed by
Sandeep K G
Date: 04-04-2025 19:20:57